"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

സാമൂഹ്യ നീതി വകുപ്പ്- പ്രൊബേഷൻ വിക്ടിം റീഹാബിലിറ്റേഷൻ അതിക്രമത്തിനിരയായവരുടെ മക്കൾക്കുള്ള വിദ്യാഭ്യാസ ധനസഹായ പദ്ധതിക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യ നീതി (ബി)വകുപ്പ്**

**സ.ഉ.(സാധാ) നം.376/2019/സാ.നീ.വ** തീയതി,തിരുവനന്തപുരം, 24/06/2019

---

പരാമർശം:- 1. സാമൂഹ്യ നീതി വകുപ്പ് ഡയറക്ടറുടെ 14/03/2019 ലെ സി1/3341/19 ാം നം കത്ത്

2 30.05.2019 ലെ നാലാമത് വകുപ്പ തല വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ മിനുട്ട്സ്

**ഉത്തരവ്**

സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കി വരുന്ന പ്രൊബേഷൻ സംവിധാനത്തിൽ വിക്ടിംറിഹാബിലിറ്റെഷൻകൂടി ഉൾപ്പെടുത്തിയിട്ടുണ്ടെന്നും എന്നാൽ ടി വിഭാഗത്തിൽപ്പെടുന്നവർക്ക് ഉപകാരപ്രദമായി രീതിയിലുള്ള പദ്ധതികളെന്നുംനിലവില്ലില്ലെന്നും ആയത് കണക്കിലെടുത്ത് കൊല്ലപ്പെട്ടവരുടേയും, അതിക്രമത്തിനിരയായി കിടപ്പിലായവരെയും/ഗുരുതരമായി പരിക്കേറ്റവരുടെയും മക്കൾക്ക് വിദ്യാഭ്യാസത്തിനുള്ള ധനസഹായം അനുവദിക്കുന്ന ഒരു ധനസഹായപദ്ധതി അംഗീകരിക്കണമെന്നും സാമൂഹ്യ നീതി വകുപ്പ് ഡയറകടർ പരാമർശം (1) പ്രകാരം അറിയിച്ചിട്ടുണ്ട്.വിവിധ രീതിയിൽ അതിക്രമണത്തിനിരയായ വ്യക്തികളുടെ സാമ്പത്തികവും സാമൂഹ്യവുമായ പരാധീനത മൂലം മക്കൾക്ക് വിദ്യാഭ്യാസം നഷ്ടപ്പെടുന്ന അവസ്ഥ നിലനിൽക്കുന്നു.കേസ് കഴിഞ്ഞാൽ മാത്രം ലഭിക്കുന്ന ഒറ്റതവണ നഷ്ട പരിഹാരം പലപ്പോഴും ചികിൽസക്ക് പോലുംതികയാറില്ല.മിക്കവർക്കും നഷ്ട പരിഹാരം ലഭിക്കുന്ന അവസ്ഥയുമില്ല.ഈ സാഹചര്യത്തിൽ അതിക്രമത്തിനിരയായി കിടപ്പിലായവരെയും / ഗുരുതരമായി പരിക്കേറ്റവരുടെയും മക്കൾക്ക് വിദ്യാഭ്യാസത്തിനുള്ള ധനസഹായപദ്ധതി അംഗീകരിച്ചുകൊണ്ട് ഭരണാനുമതി നൽകണമെന്നും പദ്ധതിയുടെ നടത്തിപ്പിനായി പ്രൊബേഷൻ & ആഫ്റ്റർ കെയർ സർവ്വീസസിനായി 2235-02-106-93(P) ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 3

കോടി രൂപയിൽ നിന്നും 5,00,000/-രൂപ (അഞ്ചു ലക്ഷം രൂപ മാത്രം) അനുവദിക്കണമെന്നും സാമൂഹ്യ നീതി വകുപ്പ് ഡയറക്ടർ ശുപാർശ സമർപ്പിച്ചിരിക്കുന്നു.

(2) 30.05.2019 ൽ ചേർന്ന നാലാമത് വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗം ടി ശുപാർശ അംഗീകരിച്ചിട്ടുണ്ട്.

(3) സർക്കാർ ഈ വിഷയം പരിശോധിച്ചു. പ്രൊബേഷൻ സർവ്വീസിന്റെ ഭാഗമായി കൊല്ലപ്പെട്ടവരുടേയും, അതിക്രമത്തിനിരയായി കിടപ്പിലായവരുടേയും /ഗുരുതരമായി പരിക്കേറ്റവരുടെയും മക്കൾക്ക് വിദ്യാഭ്യാസത്തിനുള്ള ധനസഹായപദ്ധതി അംഗീകരിച്ചും പദ്ധതി അനുബന്ധമായി ചേർത്തിരിക്കുന്നു പദ്ധതിയുടെ നടത്തിപ്പിനായി പ്രൊബേഷൻ & ആഫ്റ്റർ കെയർ സർവ്വീസസിനായി 2235-02-106-93(P) ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 3 കോടി രൂപയിൽ നിന്നും 5,00,000/-രൂപ (അഞ്ചു ലക്ഷം രൂപ മാത്രം) അനുവദിക്കുന്നതിന് ഭരണാനുമതി നൽകിയും ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ബിജു പ്രഭാകർ**
**സ്പെഷ്യല് സെക്രട്ടറി**

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ(ഡി.ബി.സെൽ) കേരള, തിരുവനന്തപുരം.

സാമൂഹ്യനീതി (എ) വകുപ്പ്

വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ